(ഡി) സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകൾ TIN-FC-കളെ ആശ്രയിക്കാതെ ത്രൈമാസ സ്റ്റേറ്റ്മെന്റായ 24Q/26Q തയ്യാറാക്കുന്നുണ്ട്; ഇപ്രകാരം സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നുണ്ടെങ്കിൽ അതിനുള്ള ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രെയിനിംഗ് നൽകിയ വകുപ്പ്; ഏതൊക്കെ വകുപ്പുകളിലെ എത്ര ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക

82 (3187) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ട്; ആയത് എന്നേക്ക് കൊടുത്തുതീർക്കും; ഈ വേതനം മാസം തോറും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവരുടെ കമ്മീഷൻ ഈ സർക്കാരിന്റെ കാലത്തുതന്നെ 1% വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഏജന്റുമാരുടെ ക്ഷേമനിധി എല്ലാ ജീവനക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പാക്കുമോ; ക്ഷേമനിധിയിൽ അടച്ച തുകയുടെ വിവരം അറിയുന്നതിന് അംഗങ്ങൾക്ക് അവസരം നൽകുമോ; ഇവർക്ക് പാസ്സ് ബുക്ക് ലഭ്യമാക്കി തുക കൃത്യമായും അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ;

(സി) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ കാലോചിതമായി പരിഷ്കരിക്കുമോ; ഇപ്പോൾ എത്ര തുകയാണ് കുറഞ്ഞ പെൻഷനായി ലഭിക്കുന്നത്; ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) മഹിളാപ്രധാൻ, എസ്.എ.എസ്. ഏജന്റുമാർക്ക് അധിക. സേവനത്തിനുള്ള പ്രതിഫലമാണ് നൽകിവരുന്നത്. ആറ് മാസത്തെ പ്രതിഫലം കുടിശ്ശികയുണ്ട്. ഇതിൽ രണ്ട് മാസത്തെ പ്രതിഫലം വിതരണം ചെയ്യാനുള്ള നടപടി പുരോഗമിക്കുന്നു. മഹിളാ പ്രധാൻ ഏജന്റുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചശേഷമാണ് എത്ര തുക

LIBRARY ARCHIVES Kerala Legislative Assembly

നൽകണമെന്ന് കണക്കാക്കുന്നത്. അതുകൊണ്ട് അതാത് മാസം പ്രതിഫലം കൊടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഏജന്റുമാരുടെ കമ്മീഷൻ കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. ആയതിനാൽ വർദ്ധനവ് സംബന്ധിച്ച് കേന്ദ്രഗവൺമെന്റാണ് തീരുമാനമെടുക്കുന്നത്.

(ബി) 65 വയസ്സിന് താഴെയുള്ള എല്ലാ ഏജന്റുമാരേയും ഉൾക്കൊള്ളിച്ചു കൊണ്ട് ക്ഷേമനിധി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അടച്ച തുകയുടെ വിവരം അറിയുന്നതിന് നിലവിൽ അവസരമുണ്ട്. പാസ്ബുക്ക് ലഭ്യമാക്കുന്നതിനും തുക കൃത്യമായും അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പരിഷ്കരണം നിലവിൽ പരിഗണനയിലില്ല. ഇപ്പോൾ 600 രൂപയാണ് കുറഞ്ഞ പെൻഷനായി ലഭിക്കുന്നത്. ഏജന്റുമാർക്കായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സൗകര്യവും ക്യാൻസർ ചികിത്സാ പദ്ധതിയും നിലവിലുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ പരിഗണനയിലില്ല.

വിൽപ്പന നികുതി റിട്ടേൺ

83 (3188) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊത്തക്കച്ചവടക്കാരും ചില്ലറ വിൽപ്പനക്കാരുമായ വ്യാപാരികൾക്ക് വിൽപ്പന നികുതി റിട്ടേൺ ഓൺലൈനായി ഫയൽ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഫോം നമ്പർ 10 ജെ ഉപയോഗിക്കുമ്പോൾ ചില്ലറ വില്പനക്കാർക്ക് നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനായി ഫോം 10 ജെ. എ, ബി. എന്നീ രണ്ട് ഫോമുകളാക്കി ബാധകമല്ലാത്ത കോളങ്ങൾ ഒഴിവാക്കി ചില്ലറവിൽപ്പനക്കാർക്കും മൊത്തക്കച്ചവടക്കാർക്കും പ്രത്യേകം പ്രത്യേകം ഉപയോഗിക്കാവുന്നവിധം ലളിതവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വ്യാപാരികൾ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ കിട്ടുന്ന കൈപ്പറ്റ് രസീതാണ് 10 ജെ ഫോം. ചില്ലറ വിൽപ്പനക്കാർക്ക് നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly